സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
സമഗ്ര ശിക്ഷാ, കേരളം (എസ്.എസ്.കെ)
എസ്.എസ്.എ. ഭവൻ, നന്ദാവനം, തിരുവനന്തപുരം 695 033
ഫോൺ : 0471-2320826, 2320352, 2320703. ഇ-മെയിൽ: ssakerala@gmail.com

NO TO DRUGS

നമ്പർ F3/22105/2024/എസ്.എസ്.കെ./സ്റ്റാർസ് തീയതി : 26/02/2024

# ക്വട്ടേഷൻ നോട്ടീസ്

വിഷയം : സമഗ്ര ശിക്ഷാ കേരളം (STARS) പ്രോജക്ട് - ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് & ഫിനാൻഷ്യൽ മാനേജ്മെന്റ് നാഷണൽ ശില്പശാല 2024 മാർച്ച് 6 മുതൽ 9 വരെ തിരുവനന്തപുരം വഴുതയ്ക്കാട് ഹയാത്ത് റീജൻസി ഹോട്ടലിൽ വച്ച് സംഘടിപ്പിക്കുന്നു - ഡോക്യുമെന്റേഷനായി വീഡിയോ, ചിത്രങ്ങൾ എന്നിവയ്ക്കായി ക്വട്ടേഷൻ ലഭ്യമാക്കുന്നത് - സംബന്ധിച്ച് :

സൂചന : മിനിസ്ട്രി ഓഫ് എജ്യൂക്കേഷന്റെ 2024 ഫെബ്രുവരി 23 ലെ 12-4/2023-IS.1 നമ്പർ കത്ത്

സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 2024 മാർച്ച് 6 മുതൽ 8 വരെ തിരുനന്തപുരം വഴുതയ്ക്കാട് ഹയാത്ത് റീജൻസി ഹോട്ടലിൽ വച്ച് മിനിസ്ട്രി ഓഫ് എജ്യൂക്കേഷന്റെയും വേൾഡ് ബാങ്ക് ടീമിന്റെയും ആഭിമുഖ്യത്തിൽ സ്റ്റാർസ് പ്രോജക്ടിന്റെ ഭാഗമായി നാഷണൽ ശില്പശാല സംഘടിപ്പിക്കുന്നു. ടി ശില്പ ശാലയിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരും സ്റ്റാർസ് പ്രോജക്ട് നടപ്പിലാക്കുന്ന കേരളമുൾപ്പടെ ആറ് സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരും വേൾഡ് ബാങ്ക് ടീമും സെൻട്രൽ പി.എം.യു. ഉദ്യോഗ സ്ഥരും പങ്കെടുക്കുന്നു. ടി ശില്പശാലയുടെ ഡോക്യുമെന്റേഷനായി വീഡിയോ ചിത്രങ്ങൾ പകർത്തുന്നതിനായി അംഗീകൃത ഏജൻസികൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു.

**നിബന്ധനകൾ**

1. മാർച്ച് 6 മുതൽ 8 വരെ നടക്കുന്ന ശില്പശാലയുടെ പൂർണസമയ വീഡിയോ, ചിത്രങ്ങൾ മികച്ച ക്വാളിറ്റിയിൽ ലഭ്യമാക്കണം.
2. പകർത്തുന്ന ചിത്രങ്ങൾ, വീഡിയോ എന്നിവ പെൻഡ്രൈവിൽ ശേഖരിച്ച് 09.03.2024 ാം തീയതി സമഗ്ര ശിക്ഷാ കേരളയ്ക്ക് കൈമാറേണ്ടതാണ്.
3. ശില്പശാലയിൽ പങ്കെടുക്കുന്ന അതിഥികൾ തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ സ്കൂളുകൾ സന്ദർശനം നടത്തുമ്പോൾ ആയതിന്റെ വീഡിയോകൾ, ചിത്രങ്ങൾ എന്നിവ പകർത്തേണ്ടതാണ്.
4. സിംഗിൾ ക്യാമറ ഉപയോഗിച്ച് ചിത്രങ്ങൾ പകർത്തുന്നതിന്റെ നിരക്കും, ഒരു ഫോട്ടോഗ്രാഫിനുള്ള നിരക്കും പ്രത്യേകം പ്രത്യേകം ക്വട്ടേഷനിൽ രേഖപ്പെടു ത്തേണ്ടതാണ്.

5. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 02/03/2024 സമയം 4.00 pm

6. ക്വട്ടേഷൻ തുറക്കുന്ന തീയതി : 02/03/2024 സമയം 4.40 pm

7. ക്വട്ടേഷൻ തുറക്കുന്ന സമയത്ത് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെയോ ഏജൻസികളുടെയോ വ്യക്തികളുടെയോ ഉത്തരവാദിത്തപ്പെട്ട പ്രതിനിധികൾക്ക് ഹാജരാകാവുന്നതാണ്.

8. കൃത്യതയോടെ അല്ലാതെയും വൈകിയും ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

9. ക്വട്ടേഷൻ നിരസിക്കുന്നതിനുള്ള അവകാശം ചുവടെ ഒപ്പിട്ടിരിക്കുന്ന ആളിൽ നിക്ഷിപ്തമാണ്.

10. നിബന്ധനകൾ പാലിക്കാത്ത തരത്തിൽ ഉള്ള അനുഭവങ്ങൾ ഉദ്യോഗസ്ഥർക്ക് ഉണ്ടാവുകയാണെങ്കിൽ പണം അനുവദിക്കുന്നതല്ല.

11. കൂടുതൽ വിശദാംശങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ സമഗ്രശിക്ഷാ കേരളം സംസ്ഥാന പ്രോജക്ട് ഓഫീസ് കാര്യാലയത്തിൽ നിന്നും ലഭ്യമാകുന്നതാണ് (ഫോൺ : 0471-2320286)

12. ക്വട്ടേഷനുകൾ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം, എസ്.എസ്.എ. ഭവൻ, നന്ദാവനം, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കത്തക്ക വണ്ണം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കൂടുതൽ യാതൊരു കാരണവശാലും ആവശ്യപ്പെടാൻ പാടില്ലാത്തതും അപ്രകാരം തുക വർധിപ്പിച്ചു നൽകുന്നതുമല്ലാത്തതുമാകുന്നു.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി